**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T * 602** **28.10.2011 ൽ മറുപടിയ്ക്ക്**

**ചികിത്സാ ധനസഹായത്തിനായി പ്രത്യേക ഭാഗ്യക്കുറി**

**ചോദ്യം** **ഉത്തരം**

**ശ്രീ. ബെന്നി ബെഹനാൻ :** **ശ്രീ. കെ.എം. മാണി**
**ശ്രീ. എം.എ. വാഹീദ് :** **(ധനകാര്യവും നിയമവും**
**ശ്രീ. പി.സി. വിഷ്ണുനാഥ് :** **ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**
**ശ്രീ. വി.റ്റി. ബൽറാം :**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തു നടത്തുന്ന പ്രത്യേക ഭാഗ്യക്കുറി നറുക്കെടുപ്പുകളിൽ നിന്ന് ലഭിക്കുന്ന തുകകൾ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിന് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) | ശനിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തുന്ന കാരുണ്യ എന്ന പ്രതിവാര ഭാഗ്യക്കുറിയിൽ നിന്നും ലഭിക്കുന്ന വരുമാനം കാൻസർ, ഹൃദയ, വൃക്ക സംബന്ധമായ രോഗങ്ങളുള്ളവരുടേയും പാലിയേറ്റീവ് കെയ ചികിത്സയ്ക്കും ധനസഹായത്തിനായി വിനിയോഗിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട് |
| (ബി) | ഇതിനു വേണ്ടി പ്രത്യേക ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | ചികിത്സാ ധനസഹായത്തിനായി ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച സ്കീം സർക്കാർ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഫണ്ട് വിനിയോഗത്തിനു വേണ്ടി എന്തെല്ലാം ഭരണ സംവിധാനമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) യും (ഡി) | ഫണ്ട് വിനിയോഗത്തിനുള്ള മാർഗ്ഗ രേഖകൾ നൽകുന്നതിനായി ധനകാര്യ മന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ബന്ധപ്പെട്ട ഗുണഭോക്താവിന് ചികിത്സാ ധനസഹായം ജില്ലാ കളക്ടർ മുഖാന്തരം വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇതിന് ജില്ലാ സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**